പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1325

13.07.2016 ൽ മറുപടിക്ക്

## ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെയും അനുബന്ധ ഓഫീസുകളുടേയും എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്ന ദേശീയതലത്തിലുള്ള ഒരു ബൃഹത്ത് പദ്ധതിയാണ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റംസ് (CCTNS). പ്രസ്തുത പദ്ധതി സംസ്ഥാന തലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിലായി 481 പോലീസ് സ്റ്റേഷനുകളിൽ CCTNS ന്റെ ജനറൽ ഡയറി, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മോഡ്യൂളുകൾ നടപ്പിലാക്കി കഴിഞ്ഞു. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം: | ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായമാകുന്ന തരത്തിൽ ദേശീയതലത്തിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യ വികസനം ഒരുക്കുകയും, ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളും, 6000 അനുബന്ധ പോലീസ് ഓഫീസുകളും അടുത്ത ഘട്ടത്തിൽ മറ്റിതര വകുപ്പുകളായ ട്രാൻസ്പോർട്ട്, എമിഗ്രേഷൻ, പാസ്പോർട്ട്, സെൻട്രൽ പോലീസ് ഏജൻസീസ് തുടങ്ങിയവയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുകയെന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം. |
| സി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന് കീഴിലുള്ള ന്യൂഡൽഹിയിലെ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് CCTNS പദ്ധതി നിർവ്വഹണത്തിനുള്ള ദേശീയ നോഡൽ ഏജൻസി. കേരളത്തിൽ CCTNS പദ്ധതി നിർവ്വഹണത്തിനായുള്ള നോഡൽ ഏജൻസി സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ്. |

കേരളത്തിൽ CCTNS നടപ്പിലാക്കുന്നതിനോടനു-
ബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം
വഹിക്കുക, വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുക
നയപരവും, സാമ്പത്തികവുമായ തീരുമാനങ്ങൾ
എടുക്കുക തുടങ്ങി പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട
കാര്യങ്ങൾക്കായി, ചീഫ് സെക്രട്ടറി തലവനായുള്ള
സ്റ്റേറ്റ് അപെക്സ് കമ്മിറ്റി, സ്റ്റേറ്റ് പോലീസ് ചീഫ്
തലവനായുള്ള സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി,
എ.ഡി.ജി.പി. SCRB തലവനായുള്ള സ്റ്റേറ്റ് മിഷൻ
ടീം, ജില്ലാ പോലീസ് മേധാവികൾ തലവനായുള്ള
ഡിസ്ട്രിക്റ്റ് മിഷൻ ടീം എന്നിവ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ